ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം
എ പി (ഡി ഐ ആർ) സീരിസ് വിജ്ഞാപനം നമ്പർ 53 (ജൂൺ 27, 2002)

ഭാരതീയ റിസർവ് ബാങ്ക്
വിനിമയ നിയന്ത്രണ വകുപ്പ്
കേന്ദ്ര ഓഫീസ്
മുംബൈ 400001

എ പി (ഡി ഐ ആർ ) വിജ്ഞാപനം നമ്പർ 53

ജൂൺ 27, 2002
എല്ലാ അംഗീകൃത വിദേശ നാണയ ഇടപാടുകാർക്കും

സർ,

<u>ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം</u>

2000 ഒക്ടോബർ 30 നുള്ള എ പി (ഡി ഐ ആർ സീരിസ്) വിജ്ഞാപനം നമ്പർ 19 ന്റെ മൂന്നാം ഖണ്ഡികയിലേയ്ക്ക് അംഗീകൃത ഇടപാടുകാരുടെ ശ്രദ്ധക്ഷണിക്കുന്നു. അത് കറൻസി എന്ന പ്രയോഗത്തിനുള്ള വിശദീകരണത്തിൽ മറ്റു പലതിന്റെയും കൂട്ടത്തിൽ, ക്രെഡിറ്റ് കാർഡുകൾ, എ റ്റി എം കാർഡുകൾ, ഡെബിറ്റ് കാർഡുകൾ എന്നിവ ഉൾപ്പെടുത്തുന്നു. വിദേശ വിനിമയ മാനേജ്മെന്റ് ആക്ടിന്റെ കീഴിലുള്ള എല്ലാ നിയന്ത്രണങ്ങളും ചട്ടങ്ങളും ക്രഡിറ്റ് കാർഡുകൾ, എ റ്റി എം കാർഡുകൾ, ഡെബിറ്റ് കാർഡുകൾ മുതലായവയ്ക്കും ബാധകമാണ്.

2 താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നു.:-

(i) അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഇന്റർനെറ്റ് വഴി ഏത് കാര്യത്തിനും ഉപയോഗിക്കാം. അതിനായി മാറ്റത്തുക ഏത് അംഗീകൃത ഇന്ത്യൻ ഏജന്റിൽ നിന്നും വാങ്ങിക്കാം. ഉദാ: ബുക്കുകൾ ഇറക്കുന്നതിനോ, സോഫ്റ്റ് വെയറുകൾ ഡൗൺലോഡ് ചെയ്യുന്നതിനോ, ഇ എക്സ് ഐ എം (EXIM) നയത്തിൽ അനുവദിച്ചിട്ടുള്ള മറ്റ് സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനോ

(ii) അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഇന്റർനെറ്റ് വഴിയോ അല്ലാതെയോ, ലോട്ടറി ടിക്കറ്റ്, നിരോധിച്ചിട്ടുള്ള മാസികകൾ, തുടങ്ങിയ നിരോധിത വസ്തുക്കൾ വാങ്ങുന്നതിനോ, വാതുവെപ്പുകളിൽ പങ്കെടുക്കുന്നതിനോ, കാൾബാക്ക് സേവനങ്ങൾക്ക് പണം കൊടുക്കുന്നിനോ ഉപയോഗിക്കാൻ പാടില്ല. കാരണം അങ്ങനെയുള്ള കാര്യങ്ങൾക്ക് വിദേശനാണയം അനുവദിച്ച് കിട്ടില്ല.

iii അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഇന്റർനെറ്റ് വഴി ഉപയോഗിക്കുന്നതിന് നിശ്ചിതപരിധി പ്രത്യേകമായി നിശ്ചയിച്ചിട്ടില്ല. ഡെബിറ്റ് കാർഡും എ റ്റി എം കാർഡും വിദേശനാണയം അനുവദിച്ചിട്ടുള്ള ഏത് കാര്യത്തിനും ഇന്ത്യയിലുള്ള ഒരു അംഗീകൃത ഇടപാടുകാരനിൽനിന്നും വാങ്ങി ഉപയോഗിക്കാം എന്ന് വിശദീകരണത്തിൽ പറയുന്നു.

3 അംഗീകൃത ഇടപാടുകാരുടെ ശ്രദ്ധ റിസർവ് ബാങ്ക് വിജ്ഞാപനം നമ്പർ 14/2000 ആർ ബി (മെയ് 3, 2000) 4-ാം ചട്ടത്തിന്റെ (iii) -ാം ഭാഗത്തിലേയ്ക്ക് ക്ഷണിക്കുന്നു അതനുസരിച്ച് ക്രെഡിറ്റ് കാർഡ് സേവനമുള്ള ബാങ്കിൽ നിന്നും രൂപ വാങ്ങി ചാർജ് സ്ലിപ്പ് വാങ്ങിക്കുന്ന ആൾ ഒപ്പിട്ടുകൊടുക്കുന്ന രീതി ഇന്ത്യയ്ക്ക് പുറത്തേയ്ക്കുള്ള കയറ്റുമതികളിൽ പണം കൊടുക്കുന്ന രസീതായി അംഗീകരിക്കുന്നുണ്ട്. ഈ അനുവാദത്തിന്റെ അർത്ഥം സാധനം ഇറക്കുമതി ചെയ്യുന്ന ഇടപാടുകാരൻ പണം കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത് അയാൾ ഇന്ത്യയിലേയ്ക്ക് സന്ദർശനം നടത്തുമ്പോഴായിരിയ്ക്കും എന്നാണ്. ഇറക്കുമതി ചെയ്യുന്നയാൾ ഇന്ത്യയിലേയ്ക്ക് സന്ദർശനം നടത്തിയാലും ഇല്ലെങ്കിലും അംഗീകൃത ഇടപാടുകാർക്ക് ക്രെഡിറ്റ് കാർഡുപയോഗിച്ച് പണം സ്വീകരിക്കാമെന്ന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് ഇടപാടുകാർ പണം സ്വീകരിച്ച് സാധനങ്ങൾ കയറ്റി അയയ്ക്കുകയും ഇറക്കുമതി ചെയ്യുന്ന ആളിന്റെ ക്രെഡിറ്റ് കാർഡിൽ ഡെബിറ്റ് ചെയ്യുകയും ചെയ്യുന്നു. അത് തിരികെ കൊടുക്കുന്ന ബാങ്കിനോ സ്ഥാപനത്തിനോ വിദേശ നാണ്യവും ലഭിക്കുന്നു.

4 അംഗീകൃത ഇടപാടുകാർ ഈ വിജ്ഞാപനത്തിന്റെ ഉള്ളടക്കം അവരുടെ എല്ലാ പങ്കാളികളെയും അറിയിക്കണം.

5 1999 ലെ വിദേശ വിനിമയ മാനേജ്മെന്റ് ആക്ട് (1999 ലെ 42-ാം ആക്ട് ) വകുപ്പ് 10 (4) വകുപ്പ് 11 (1) എന്നിവ അനുസരിച്ചാണ് ഈ നിർദ്ദേശങ്ങൾ നൽകുന്നത്.

വിശ്വസ്തതയോടെ

ഗ്രേസ്സ് കോശി

ചീഫ് ജനറൽ മാനേജർ